# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3181** 18/10/2016-ൽ മറുപടിക്ക്

**പൂക്കൊളത്തൂർ കേന്ദ്രമാക്കി കെ.എസ്.ഇ.ബി.യുടെ പുതിയ സെക്ഷൻ ഓഫീസ്**

| | ചോദ്യം<br><br>ശ്രീ.പി.ഉബൈദുള്ള | | ഉത്തരം<br><br>ശ്രീ. കടകം പള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | മഞ്ചേരി നോർത്ത്, കിഴിശ്ശേരി, വള്ളുവമ്പ്രം സബ് ഡിവിഷനുകൾ വിഭജിച്ച് പൂക്കൊളത്തൂർ കേന്ദ്രമാക്കി മലപ്പുറം മണ്ഡലത്തിൽ കെ.എസ്.ഇ. ബി.യുടെ പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ നാളിതുവരെ സ്വീക രിച്ച നടപടികൾ വിശദീകരിക്കാമോ; | (ബി) & (സി) & (ഡി) | മഞ്ചേരി നോർത്ത്, കിഴിശ്ശേരി, വള്ളുവമ്പ്രം എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധി ച്ചിരുന്നു. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധിക മാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. സെക്ഷൻ വിഭജനത്തിനുള്ള മുകളിൽ പരാമർ |
| (സി) | പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച നയം വ്യക്തമാക്കാമോ; | | |
| (ഡി) | മലപ്പുറം മണ്ഡലത്തിലെ പൂക്കൊള ത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | . | | ശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ മഞ്ചേരി നോർത്ത്, കിഴിശ്ശേരി, വള്ളുവമ്പ്രം എന്നീ സെക്ഷനുകളുടെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ടി സെക്ഷനുകൾ വിഭജിച്ച് പൂക്കൊളത്തൂർ കേന്ദ്രമാക്കി പുതിയ സെക്ഷൻ അനുവദിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ